പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3762 21.06.2018 ൽ മറുപടിക്ക്.

## പെട്രോൾ, ഡീസൽ വിലയിലെ അധിക വരുമാന നികുതി

| ചോദ്യം<br>ശ്രീ.എ.പി. അനിൽ കുമാർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജൂൺ ഒന്ന് മുതൽ സംസ്ഥാനത്തിന് പെട്രോൾ, ഡീസൽ എന്നിവയുടെ വിൽപനയിലൂടെ ലഭിക്കുന്ന അധിക വരുമാന നികുതിയുടെ ഒരു ഭാഗം ഉപേക്ഷിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ജൂൺ ഒന്ന് മുതൽ സംസ്ഥാനത്തിന് പെട്രോൾ, ഡീസൽ എന്നിവയുടെ വില്പനയിലൂടെ ലഭിക്കുന്ന അധിക വരുമാന നികുതിയുടെ ഒരു ഭാഗം ഉപേക്ഷിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 2017 മെയ് മാസം പകുതി മുതൽ പെട്രോളിയം ഉല്പന്നങ്ങളുടെ വില ദിനംപ്രതി ഗണ്യമായി വർദ്ധിച്ചത്, നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിന് കാരണമായിട്ടുണ്ട്. ഈ വില വർദ്ധനവ് കുറയ്ക്കുന്നതിന് വേണ്ടി കേന്ദ്രസർക്കാർ വർദ്ധിപ്പിച്ച എക്സൈസ് ഡ്യൂട്ടി കുറവ് വരുത്തണമെന്ന് സംസ്ഥാനം പലതവണ ആവശ്യപ്പെട്ടിട്ടും കേന്ദ്രം അനുകൂലമായി പരിഗണിക്കാത്ത സാഹചര്യത്തിൽ സാധാരണക്കാരനെ സഹായിക്കുന്നതിന് വേണ്ടി 01.06.2018 മുതൽ വിലയിൽ ഒരു രൂപായെങ്കിലും കുറയുന്ന രീതിയിൽ സംസ്ഥാന സർക്കാർ നികുതി കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (SRO No. 345/18 തീയതി 31.05.2018). |
| (ബി) | ഇതിലൂടെ സംസ്ഥാന സർക്കാരിന് പ്രതിവർഷം എത്ര കോടി രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുമെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഇതിലൂടെ സംസ്ഥാന സർക്കാരിന് പ്രതിവർഷം 488 കോടി രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | ഏപ്രിൽ ഒന്ന് മുതൽ പെട്രോൾ, ഡീസൽ എന്നിവയുടെ വില വർദ്ധിപ്പിച്ചതിലൂടെ അധിക വിൽപന നികുതിയിനത്തിൽ ലഭിച്ച വരുമാനം എത്രയാണ്; | (സി) | ഏപ്രിൽ ഒന്ന് മുതൽ പെട്രോൾ, ഡീസൽ എന്നിവയുടെ വില വർദ്ധിപ്പിച്ചതിലൂടെ അധിക വില്പന നികുതിയിനത്തിൽ ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | **പെട്രോളിന് (എ.എസ്.ടി)**<br>01.04.2018 മുതൽ 31.05.2018 വരെ — 12.68 കോടി രൂപ<br>**ഡീസലിന് (എ.എസ്.ടി)**<br>01.04.2018 മുതൽ 31.05.2018 വരെ — 18.82 കോടി രൂപ |
| (ഡി) | ഈ അധിക വിൽപന നികുതി വരുമാനം പൂർണ്ണമായും ഉപേക്ഷിക്കാതെ ഒരു നിശ്ചിത ശതമാനം മാത്രം കുറയ്ക്കാനുണ്ടായ സാഹചര്യം എന്താണ്; മുൻ യു. ഡി. എഫ്. സർക്കാർ ഇപ്രകാരം ലഭിച്ച അധിക വരുമാനം പൂർണ്ണമായും വേണ്ടെന്ന് വച്ചിരുന്നുവോയെന്ന് വ്യക്തമാക്കാമോ? | (ഡി) | പെട്രോളിയം ഉല്പന്നങ്ങളുടെ വില ദിനംപ്രതി മാറിക്കൊണ്ടിരുന്ന സാഹചര്യത്തിൽ റവന്യൂ ന്യൂട്രൽ റേറ്റ് തിട്ടപ്പെടുത്തി നികുതി നിരക്ക് വ്യതിയാനം വരുത്തുന്ന സമ്പ്രദായം പ്രായോഗികമല്ല. എന്നാലും ലിറ്റർ ഒന്നിന് പെട്രോളിനും ഡീസലിനും ജൂൺ 1 മുതൽ ഒരു രൂപ വില കുറയുന്ന രീതിയിൽ നികുതി നിരക്ക് കുറച്ചുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി പ്രതിവർഷം പെട്രോൾ, ഡീസൽ എന്നിവയിൽ നിന്നുള്ള നികുതി വരുമാനത്തിൽ 488 കോടി രൂപയുടെ നഷ്ടമുണ്ടാകും. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് പ്രതീക്ഷിച്ച വരുമാനം കിട്ടാത്ത സാഹചര്യത്തിൽ ഇതിൽ കൂടുതൽ ഇളവ് നൽകുന്നത് സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെ വളരെ പ്രതികൂലമായി ബാധിക്കും.<br>മുൻ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് പെട്രോളിന്റെ അടിസ്ഥാനവിലയിൽ 18 തവണയും, ഡീസലിന് 21 തവണയും എണ്ണക്കമ്പനികൾ വർദ്ധനവ് വരുത്തിയപ്പോൾ പെട്രോളിന് 4 തവണയും ഡീസലിന് 2 തവണയും മാത്രമാണ് നികുതി കുറച്ചത്. എന്നാൽ 13 തവണ നിരക്കിൽ വർദ്ധന വരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി 2011 മേയ് മാസത്തിൽ യു.ഡി.എഫ് സർക്കാർ അധികാരമേൽക്കുമ്പോൾ 26.64 ശതമാനമായിരുന്ന പെട്രോളിന്റെ നികുതി നിരക്ക് അധികാരം ഒഴിയുന്ന വേളയിൽ 31.8 ശതമാനമായി വർദ്ധിച്ചു. |

സെക്ഷൻ ഓഫീസർ

©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, വ്യാഴം<br>Thiruvananthapuram, Thursday | 2018 മേയ് 31<br>31st May 2018<br>1193 ഇടവം 17<br>17th Idavam 1193<br>1940 ജ്യേഷ്ഠം 10<br>10th Jyaishta 1940 | നമ്പർ<br>No. 1431 |

## GOVERNMENT OF KERALA

### Taxes (B) Department

### NOTIFICATION

G. O. (P) No. 76/2018/TAXES.

*Dated, Thiruvananthapuram, 31st May, 2018 / 17th Idavam, 1193.*

**S. R. O. No. 345/2018.**—In exercise of the powers conferred by section 10 of the Kerala General Sales Tax Act, 1963 (15 of 1963), the Government of Kerala having considered it necessary in the public interest so to do, hereby make the following further amendment to the notification issued under G. O. (P) No. 47/2005/TD dated 31st March, 2005 and published as S. R. O. No. 319/2005 in the Kerala Gazette Extraordinary No. 683 dated 31st March, 2005, namely:—

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2018.

33/2094/2018/S-24.

AMENDMENT

In the said notification, in clause (2), in sub-clause (i), in items (b) and (d) for the figures and symbols "24.52%" and "31.80%", the figures and symbols "22.76%" and "30.08%", shall respectively be substituted.

This notification shall have effect on and from the 1st day of June, 2018.

By order of the Governor,

SANJAY M. KAUL,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Consequent on the hike in the price of High Speed Diesel Oil and Petrol, the Government have decided to reduce the rate of tax on High Speed Diesel Oil and Petrol other than Naphtha under the Kerala General Sales Tax Act, 1963, by amending S.R.O. No. 319/2005 so as to give a reduction of ₹ 1 in the price of High Speed Diesel Oil and Petrol with effect from 1st June, 2018 based on the price of 30th May, 2018.

The notification is intended to achieve the above object.